**റേഷൻ കട ലൈസൻസികളുടെ കടയടപ്പുസമരം സംബന്ധിച്ച് ശ്രീ. ജി. സ്റ്റീഫൻ എം.എൽ.എ.-യുടെ സബ്മിഷന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ**

വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ 2025 ജനുവരി 27 മുതൽ അനിശ്ചിതകാല പണിമുടക്കം നടത്തുമെന്ന് അറിയിച്ചുകൊണ്ട് 13-01-2025-ന് നോട്ടീസ് നൽകിയിരുന്നു. സമരത്തിനാധാരമായി അവർ ഉന്നയിച്ച 4 പ്രധാന ഡിമാന്റുകളിൽ 2 എണ്ണം കേന്ദ്ര സർക്കാരിന് എതിരെയുള്ളതാണ്.

1. കേന്ദ്ര അവഗണന അവസാനിപ്പിക്കുക

2. ഭക്ഷ്യധാന്യങ്ങൾക്ക് പകരം പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പദ്ധതി നടപ്പാക്കാനുള്ള നീക്കം ഉപേക്ഷിക്കുക എന്നിവയാണവ. റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള ഈ രണ്ട് ഡിമാന്റുകളെയും സർക്കാർ സ്വാഗതം ചെയ്യുന്നു.

നിലവിലെ കമ്മീഷൻ പാക്കേജ് പരിഷ്കരിക്കുക, കമ്മീഷൻ അതത് മാസം തന്നെ നൽകുക എന്നിവയാണ് മറ്റ് 2 ഡിമാന്റുകൾ. ഈ രണ്ട് ഡിമാന്റുകളെയും പൂർണ്ണമായി തള്ളിക്കളയുന്ന നിലപാടല്ല സംസ്ഥാന സർക്കാരിനുള്ളത്. സർക്കാരിന്റെ നിലവിലെ സാമ്പത്തിക ബുദ്ധിമുട്ട് മാറുന്ന മുറയ്ക്ക് പരിഗണിക്കാൻ കഴിയുന്ന ഡിമാന്റുകളാണിവ.

അനിശ്ചിതകാല സമരം പ്രഖ്യാപിച്ച് റേഷൻ വ്യാപാരി കോ-ഓർഡിനേഷൻ കമ്മിറ്റി നൽകിയ നോട്ടീസ് പരിഗണിച്ച് 20-01-2025-ന് റേഷൻ വ്യാപാരി സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യങ്ങൾ ഭക്ഷ്യ വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ സംഘടനാ നേതാക്കളെ അറിയിച്ചിരുന്നതാണ്. ഈ സബ്മിഷൻ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗവും പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നതാണ്.

രാജ്യത്ത് ഏറ്റവും ശക്തമായ പൊതുവിതരണം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ രാജ്യത്തെ പൊതുവിതരണ സംവിധാനത്തെ ദുർബലപ്പെടുത്തി ഭക്ഷ്യധാന്യങ്ങൾക്ക് പകരം പണം നൽകാനുള്ള നീക്കമാണ് കേന്ദ്രസർക്കാർ നടത്തിവരുന്നത്. രാജ്യത്തെ പൊതുവിതരണ സംവിധാനത്തെ തകർത്ത് ഭക്ഷ്യധാന്യ വിതരണം പൂർണ്ണമായും കോർപ്പറേറ്റ് കുത്തകകളുടെ കൈകളിലേക്ക് എത്തിക്കാനുള്ള അണിയറ നീക്കങ്ങളുടെ ഭാഗമാണിത്. ഇത്തരം പ്രതിലോമകരമായ നിലപാടുകളോട് ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം നൽകുന്ന ഈ സർക്കാരിന് ഒരു തരത്തിലും യോജിക്കാൻ കഴിയില്ല. ഇത്തരം ഒരു നയം ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തെയാണ് ഏറ്റവും ദോഷകരമായി ബാധിക്കുന്നത്. കൂടാതെ, പ്രസ്തുത നീക്കം സംസ്ഥാനത്തെ റേഷൻ

വ്യാപാരികൾ ഉൾപ്പെടെ ഈ മേഖലയിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുടെ ജീവിതമാർഗം ഇല്ലാതാകും.

സംസ്ഥാനത്തെ പൊതുവിതരണ രംഗത്തെ ദുർബലപ്പെടുത്തുന്ന ഏതൊരു നീക്കത്തെയും കേരളം ഒറ്റക്കെട്ടായി പ്രതിരോധിക്കുക തന്നെ ചെയ്യും. റേഷൻ വ്യാപാരി സമൂഹത്തിന്റെ ആവശ്യങ്ങൾക്കുമുന്നിൽ പിൻതിരിഞ്ഞു നിൽക്കുന്ന സമീപനമല്ല ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ വളരെക്കാലമായി ഉന്നയിച്ച 2 ആവശ്യങ്ങളാണ് 2021-ലെ KTPDS (Control) ഓർഡറും 2000-ലെ കേരള റേഷൻ വ്യാപാരി ക്ഷേമനിധി ആക്റ്റും കാലോചിതമായി പരിഷ്കരിക്കുക എന്നത്. ഈ രണ്ട് വിഷയങ്ങളിലും നിരന്തരമായ ചർച്ചയിലൂടെ പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കൂടാതെ, NFSA നടപ്പാക്കിയതിനുശേഷമുള്ള റേഷൻ വ്യാപാരികളുടെ സാമ്പത്തികവും നിയമപരവും സാമൂഹികവുമായുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിന് റേഷനിംഗ് കൺട്രോളർ അധ്യക്ഷനായുള്ള മൂന്നംഗ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി എനിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടിന്മേലുള്ള ശിപാർശകൾ സർക്കാർ പരിഗണിച്ചുവരികയാണ്.

ഇത്തരമൊരു സാഹചര്യത്തിൽ റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ചിട്ടുള്ള അനിശ്ചിതകാല പണിമുടക്കം കേന്ദ്ര സർക്കാർ

നടപ്പാക്കാനുദ്ദേശിക്കുന്ന ഡയറക്റ്റ് ബെനിഫിറ്റ് ട്രാൻസ്ഫർ ഉൾപ്പെടെയുള്ള പ്രതിലോമകരമായ നയങ്ങൾക്ക് ശക്തി പകരുക മാത്രമാണ് ചെയ്യുന്നത്. റേഷൻ വ്യാപാരി ക്ഷേമനിധിയെ ശക്തിപ്പെടുത്തിയും റേഷൻ വ്യാപാര മേഖലയെ വൈവിധ്യവൽക്കരണത്തിലൂടെ കരുത്തുപകരാനുള്ള സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങളെ ദുർബലപ്പെടുത്താൻ മാത്രമേ ഈ അനിശ്ചിതകാല സമരത്തിന് കഴിയൂ എന്നാണ് ഈ സർക്കാർ കാണുന്നത്.

മഹാരാഷ്ട്ര, അസം, ആന്ധ്രാപ്രദേശ്, ഹരിയാന, ഝാർഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളായ പോണ്ടിച്ചേരി, ചണ്ഡിഗഢ്, ദാദ്രാനഗർ ഹവേലി എന്നിവിടങ്ങളിലും ഡി.ബി.ടി പദ്ധതി നടപ്പാക്കിയതായിട്ടാണ് അറിയുന്നത്. പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനുള്ള നയപരമായ ഒരു തീരുമാനവും സംസ്ഥാന സർക്കാർ കൈകൊണ്ടിട്ടില്ല എന്നു മാത്രവുമല്ല ഈ നയത്തെ സർക്കാർ പൂർണ്ണമായും എതിർക്കുന്നു എന്ന കാര്യവും ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. റേഷൻ വ്യാപാരികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിന് ബഹു. ധനമന്ത്രിയുടെ സമയം കൂടി കണ്ടെത്തി വീണ്ടും ചർച്ച നടത്താൻ സർക്കാർ തയ്യാറാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ റേഷൻ വ്യാപാരികൾ പ്രഖ്യാപിച്ചിട്ടുള്ള

അനിശ്ചിതകാല സമരത്തിൽ നിന്നും പിന്തിരിയണമെന്നാണ് എനിക്ക് അഭ്യർഥിക്കാനുള്ളത്.